ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.03.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് കേന്ദ്ര സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. ദേശീയ കന്നുകാലി രോഗപ്രതിരോധ പദ്ധതി 3,880 കോടി രൂപാ ചെലവിൽ പരിഷ്ക്കരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം.

3. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിജ്ഞാന കേരളം നൈപുണ്യ പരിശീലന പരിപാടിക്ക് സംസ്ഥാനത്ത് തുടക്കം.

4. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ 386 ലക്ഷം രൂപയുടെ വായ്പകൾ എഴുതിത്തള്ളുമെന്ന് കേരളാ ബാങ്ക്.

5. **CPI(M)** സംസ്ഥാന സമ്മേളനത്തിന് നാളെ കൊല്ലത്ത് തുടക്കം.

6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് രണ്ടാം സെമിയിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 363 റൺസ് വിജയലക്ഷ്യം.

**************************************

## പ്രധാനമന്ത്രി -വെബിനാർ - ഇൻട്രോ

വിദ്യാഭ്യാസം, നൈപുണ്യം, ആരോഗ്യ സംരക്ഷണം എന്നീ മൂന്ന് ഘടകങ്ങളിലൂന്നിയുള്ള നിക്ഷേപം ജനങ്ങൾക്കായി ഉറപ്പുവരുത്തണമെന്നാണ് കേന്ദ്രസർക്കാരിൻറെ കാഴ്ചപ്പാടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിരവധി പതിറ്റാണ്ടുകൾക്ക് ശേഷം രാജ്യത്തിൻറെ വിദ്യാഭ്യാസ സമ്പ്രദായം വലിയ പരിവർത്തനത്തിലൂടെയാണ് കടന്നുപോകുന്നത്. രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

RNU TVPM

***************************************

## മന്ത്രിസഭ

ദേശീയ കന്നുകാലി ആരോഗ്യ, രോഗപ്രതിരോധ പദ്ധതി 3,880 കോടി രൂപാ ചെലവിൽ പരിഷ്കരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. കുറഞ്ഞ ചെലവിൽ ജെനറിക് വെറ്ററിനറി മരുന്നുകൾ നൽകുന്ന പശു ഔഷധി സംരംഭം കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് മന്ത്രിസഭ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കന്നുകാലികളെ ബാധിക്കുന്ന വിവിധ രോഗങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്പുകളും ഇതിലൂടെ ഉറപ്പുവരുത്തും. 4,000 കോടി രൂപാ ചെലവിൽ സോൻപ്രയാഗ്-കേദാർനാഥ് റോപ്-വേയും, 730 കോടി രൂപ ചെലവിൽ ഹേംകുണ്ഡ് സാഹിബ് റോപ്-വേയും വികസിപ്പിക്കുന്നതിനും, കേന്ദ്ര മന്ത്രിസഭ അനുമതി നൽകി.

***************************************

## വിജ്ഞാന കേരളം -ആർ ബിന്ദു

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നൈപുണ്യവികസനത്തിന് ഊന്നൽ നൽകി തൊഴിൽസജ്ജരാക്കുമെന്ന് മന്ത്രി ആർ ബിന്ദു. ഉന്നത വിദ്യാഭ്യാസ വകുപ്പ് കെ-ഡിസ്കുമായി ചേർന്ന് നടപ്പിലാക്കുന്ന വിജ്ഞാന കേരളം പദ്ധതിയുടെ പൈലറ്റ് പരിശീലന പരിപാടി തിരുവനന്തപുരം വിമൻസ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നടപ്പ് അധ്യയന വർഷത്തിൽ ഇതിലൂടെ 25,000 വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

************************************

## പാലിയേറ്റീവ് കെയർ

RIJU TVPM

പാലിയേറ്റീവ് പരിചരണം സാർവത്രികമാക്കുന്നതിൻറെ ഭാഗമായി മന്ത്രി വീണാ ജോർജ്, എം.ബി. രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. സംസ്ഥാനത്ത് തയ്യാറാക്കിയ ഒന്നാം ഘട്ട പദ്ധതിയുടെ മാർഗനിർദേശങ്ങൾക്ക് യോഗം അന്തിമ രൂപം നൽകി. പാലിയേറ്റീവ് കെയർ രംഗത്തുള്ള എല്ലാ സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക രജിസ്ട്രേഷൻ നൽകും.പാലിയേറ്റീവ് കെയർ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡിന്റെ പ്രകാശനം കഴിഞ്ഞ ദിവസം മുഖ്യമന്ത്രി നിർവഹിച്ചിരുന്നു.

************************************

## വയനാട് ദുരന്തം - കേരള ബാങ്ക്

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ 386 ലക്ഷം രൂപയുടെ 207 വായ്പകൾ എഴുതിത്തള്ളുമെന്ന് കേരളാ

ബാങ്ക്. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ് തീരുമാനം. കേരള ബാങ്കിന്റെ ചൂരൽമല, മേപ്പാടി ശാഖകളിലെ 9 വായ്പകളിലായി 6.36 ലക്ഷം രൂപ ഇതിനകം എഴുതിത്തള്ളിയിരുന്നു. ചൂരൽമല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളുടെ അംഗങ്ങൾക്കായി പരമാവധി രണ്ട് ലക്ഷം രൂപ വരെയുള്ള പുതിയ വ്യക്തിഗത വായ്പ പദ്ധതി നടപ്പിലാക്കാനും ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്കാണ് വായ്പകൾ നൽകുക.

***********************************

## കിരൺ റിജിജു

കേന്ദ്രമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ ദക്ഷിണ മേഖലാ അവലോകന യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്ന പ്രാദേശിക വികസന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം.

RNUTVPM

***********************************

## സിപിഐ(എം) സംസ്ഥാന സമ്മേളനം

CPI(M) സംസ്ഥാന സമ്മേളനത്തിന് നാളെ കൊല്ലത്ത് തുടക്കം. പൊതുസമ്മേളന നഗരിയായ ആശ്രാമം മൈതാനത്ത് പാർട്ടി കേന്ദ്ര കമ്മറ്റി അംഗവും, സമ്മേളനത്തിൻറെ സ്വാഗത സംഘം ചെയർമാനുമായ മന്ത്രി കെ.എൻ ബാലഗോപാൽ അൽപസമയം മുൻപ് പതാക ഉയർത്തി. കൊടിമര-പതാക-ദീപശിഖ ജാഥകൾ

സമ്മേളന നഗരിയിൽ എത്തിച്ചേർന്ന ശേഷമാണ് പതാക ഉയർത്തൽ ചടങ്ങ് നടന്നത്. CPI(M) കോ-ഓർഡിനേറ്ററും, പൊളിറ്റ് ബ്യൂറോ അംഗവുമായ പ്രകാശ് കാരാട്ട് നാളെ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഈ മാസം ഒൻപത് വരെ നീളുന്ന സമ്മേളനത്തിൽ, വിവിധ ജില്ലകളിൽ നിന്ന് 486 പ്രതിനിധികളും സംസ്ഥാനത്തിന് പുറത്തു നിന്നുള്ള 44 നിരീക്ഷകരും അതിഥികളും പങ്കെടുക്കും.

************************************

## വി ഡി സതീശൻ - ഉപവാസം

സംസ്ഥാനത്ത് വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കും ലഹരി വ്യാപനത്തിനുമെതിരെ 'നോ ക്രൈം നോ ഡ്രഗ്സ്' എന്ന മുദ്രാവാക്യം ഉയർത്തി യുഡിഎഫിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ഇന്ന് ഏകദിന ഉപവാസ സമരം നടന്നു. കെ.സുധാകരൻ, പി.കെ കുഞ്ഞാലിക്കുട്ടി, പിജെ ജോസഫ് തുടങ്ങിയ മുതിർന്ന നേതാക്കൾ പങ്കെടുക്കുന്ന സമരം പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഉദ്ഘാടനം ചെയ്തു.

RNUTVPM

************************************

## വി. മുരളീധരൻ

സമരം ചെയ്യുന്ന ആശാവർക്കർമാരുമായി സംസ്ഥാന സർക്കാർ ചർച്ചയ്ക്ക് തയ്യാറാകണമെന്ന് മുൻ കേന്ദ്ര മന്ത്രി വി മുരളീധരൻ. ദേശീയ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി കേരളത്തിന് നൽകാനുള്ള മുഴുവൻ തുകയും കേന്ദ്രസർക്കാർ നൽകിക്കഴിഞ്ഞതാണെന്നും, 2023-24 ലെ ഫണ്ട് വിനിയോഗത്തിന് കേന്ദ്രം തടസം നിന്നുവെന്ന വാദം തെറ്റാണെന്നും അദ്ദേഹം വ്യക്തമാക്കി.

************************************

## ആറ്റുകാൽ പൊങ്കാല

ഈ മാസം 14 വരെ നീളുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് ഇന്ന് തുടക്കമായി. കാപ്പ് കെട്ട് ചടങ്ങിന് ശേഷം തോറ്റം പാട്ട് ആരംഭിച്ചു. മറ്റന്നാൾ രാത്രിയോടെ കുത്തിയോട്ട വ്രതാരംഭത്തിനു തുടക്കമാകും. ഈ മാസം 13 നാണ് ലോക പ്രശസ്തമായ ആറ്റുകാൽ പൊങ്കാല. ഉത്സവത്തിന്റെ ആദ്യ ദിനം മുതൽ തന്നെ വൻ ഭക്തജന തിരക്കാണ് ക്ഷേത്രത്തിൽ അനുഭവപ്പെടുന്നത്.

*************************************

## ഏഴരപ്പൊന്നാന ദർശനം - ഇൻട്രോ

ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ ഏഴരപ്പൊന്നാന ദർശനം നാളെ. എട്ടാം ഉൽസവദിവസമായ നാളെ രാത്രി 12 മണിക്കാണ് ദർശനം. വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു ...

(വോയ്സ്)

*************************************

## ഇ - കെവൈസി

മഞ്ഞ, പിങ്ക് റേഷൻ കാർഡ് ഉടമകളുടെ ഇ- കെവൈസി പൂർത്തീകരിക്കുന്നതിനായി കേന്ദ്രം അനുവദിച്ച സമയപരിധി ഈ മാസം 31ന് അവസാനിക്കും. ഇ- കെവൈസി പൂർത്തിയാക്കാത്തവരുടെ റേഷൻ വിഹിതം നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാൽ റേഷൻകടകളും താലൂക്ക് സപ്ലൈ ഓഫീസുകളും മുഖേന ഇത് എത്രയും വേഗം പൂർത്തിയാക്കണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു.

RNU TVPM

************************************

## സ്നേഹത്തോൺ

യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അക്രമവാസനക്കെതിരെ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഐഎച്ച്ആർഡിയുടെ നേതൃത്വത്തിൽ **സ്നേഹത്തോൺ** സംഘടിപ്പിക്കും. മറ്റന്നാൾ വിവിധ നഗരകേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന കൂട്ടയോട്ടത്തിൻറെ സംസ്ഥാനതല ഫ്ലാഗ് ഓഫ് മന്ത്രി ആർ ബിന്ദു കൊല്ലത്ത് നിർവ്വഹിക്കും. **Run away from Drugs** എന്ന പേരിൽ രാവിലെ 7.30 ന് ആരംഭിക്കുന്ന കൂട്ടയോട്ടത്തിൽ സമൂഹത്തിലെ നാനാതുറകളിൽപ്പെട്ടവർ പങ്കാളികളാകും.

RNU TVPM

************************************

## വനിതാദിനം

അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് വനിതാ-ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8ന് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കും. സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ തങ്ങളുടേതായ വ്യക്തിമുദ്രയും മികവും പ്രകടമാക്കിയ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് ചടങ്ങിൽ വനിതാരത്ന പുരസ്കാരം നൽകി ആദരിക്കും. ഐ.സി.ഡി.എസ് പദ്ധതി പ്രവർത്തനത്തിൽ മികവുപുലർത്തിയവർക്കും അവാർഡുകൾ നൽകും.

************************************

## ചാമ്പ്യൻസ് ട്രോഫി

ഐ.സി.സി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റ് രണ്ടാം സെമിയിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 363 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത കിവീസ് നിശ്ചിത 50 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 362 റൺസെടുത്തു. ഇന്ന് വിജയിക്കുന്ന ടീം ഞായറാഴ്ച ദുബായിൽ നടക്കുന്ന ഫൈനലിൽ ഇന്ത്യയെ നേരിടും.

************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ജംഷെഡ്പൂർ എഫ് സി - ഒഡിഷ എഫ് സി യെ നേരിടും. രാത്രി 7.30 ന് ജംഷെഡ്പൂരിലാണ് മത്സരം.

RNU TVPM

************************************

## ഉയർന്ന താപനില

തൃശൂർ, പാലക്കാട് ജില്ലകളിൽ താപനില 38° സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും 37 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ, മലപ്പുറം ജില്ലകളിൽ 36 ഡിഗ്രി വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

************************************

## കാട്ടാന - കണ്ണൂർ

കണ്ണൂർ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ ജനവാസ കേന്ദ്രത്തിൽ ഇറങ്ങിയ കാട്ടാനയെ മയക്കു വെടിവെച്ച്

പിടികൂടി. വയനാട്ടിൽ നിന്ന് എത്തിയ വിദഗ്ധ സംഘത്തിൻ്റെ നേതൃത്വത്തിലാണ് വൈകുന്നേരത്തോടെ മയക്കുവെടിവച്ചത്. വായിൽ മുറിവേറ്റതിനാൽ ആന ക്ഷീണിതനാണെന്ന് വനം വകുപ്പ് അധികൃതർ പറഞ്ഞു.

*****************************************************

***********************************

*********************

RNU TVPM